# മഹോപദ്രവകാലം ( വെളിപ്പാട് പഠനം58)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

നാലും അഞ്ചും അദ്ധ്യായങ്ങളില് സ്വര്ഗ്ഗീയ ദര്ശനങ്ങള് നാം കണ്ടു. ആറു മുതലുള്ള അദ്ധ്യായങ്ങളില് ഭൂമിയില് സംഭവിപ്പാന് പോകുന്ന ന്യായവിധി അല്ലെങ്കില് അന്തിക്രിസ്തുവിന്റെ ഭരണമാണ് നാം ദര്ശിക്കുന്നത്. മഹാപീഢനം സഭയുടെ ഉല്പ്രാപണശേഷം ഈ ഭൂമിയില് സംഭവിപ്പാന് പോകുന്നതായിട്ടാണ് പ്രവചനങ്ങള് ശക്തമായി വെളിപ്പെടുത്തുന്നത്. സഭ മഹോപദ്രവകാലത്തില് കൂടി പോകില്ല.

സഭ ഭൂമിയില് നിന്നും മാറ്റപ്പെടുന്നതോടുകൂടി ഭൂമിയുടെ അവസ്ഥ പരിതാപകരമായ നിലയിലെത്തുന്നതാണ്. വിശ്വാസികള് കര്ത്താവിനോടുകൂടെ എടുക്കപ്പെട്ടു കഴിയുമ്പോള് പെട്ടെന്ന്, പൊതുവേ ഒരു അസ്വസ്ഥത ലോകമെങ്ങും വ്യാപിക്കും. സഭയുടെ ഉള്പ്രാപണം പെട്ടെന്ന് രഹസ്യത്തിലുമായിരിക്കും. തുടര്ന്ന്, ഇവിടെ മഹോപദ്രവം ആരംഭിക്കും. സഭയുടെ ഉള്പ്രാപണത്തിനും അഥവാ കര്ത്താവിന്റെ രഹസ്യവരവിനും പരസ്യവരവിനും ഇടയ്ക്കുള്ള കാലയളവാണിത്. ഇത് ഏഴു വര്ഷമാണ്. ഏറ്റവും ഭയാനകമായ കാലയളവായിരിക്കും ഇത്. ലോകാരംഭം മുതല് ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേല് സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നുണ്ടാകും. മത്താ. 21: 21. ഒരു ജാതി ഉണ്ടായതുമുതല് ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും. ദാനി-11: 11. ആ നാള് പോലെ വേറെ ഇല്ലാതെവണ്ണം അതു വലുതായിരിക്കുന്ന കഷ്ടം, അത് യാക്കോബിന് കഷ്ടകാലം തന്നെ. എങ്കിലും അവന് അതില് നിന്ന് രക്ഷിക്കപ്പെടും. യിര. 30: 7. മഹാപീഢനം യാക്കോബിന്റെ (യഹൂദജാതിയുടെ) കഷ്ടകാലമെങ്കിലും ആഗോള വ്യാപകമായി ഭൂവാസികളെ ബാധിക്കുന്നു. യശ. 24: 16-20. ഇവയെക്കുറിച്ചാണ് വെളിപ്പാട് 6-ാം അദ്ധ്യായം മുതല് 19-ാം അദ്ധ്യായം വരെ രേഖപ്പെടുത്തിയിരിക്കുന്നത്.

മഹോപദ്രവകാലം 7 വര്ഷം ആണ്. മൂന്നര വര്ഷങ്ങള് വീതമുള്ള രണ്ടു ഭാഗങ്ങളായി ഈ കാലയളവിനെ വിഭജിച്ചിരിക്കുന്നു. അവസാനത്തെ മൂന്നര വര്ഷങ്ങള് ആണ് അതിഭയങ്കരമായ മഹാപീഢനകാലം. ആദ്യത്തെ മൂന്നര വര്ഷങ്ങള് അന്തിക്രിസ്തുവിന്റെ ഉടമ്പടിയില് യഹൂദന്മാര്ക്ക് സമാധാനം ഉണ്ടായിരിക്കും. യുദ്ധത്തിന്റെ കെടുതികളും ക്ഷാമവും മരണവും ആദ്യ പകുതിയില് തന്നെ ഉണ്ടായിരിക്കും. ദൈവസഭ മാറ്റപ്പെട്ട് അന്തിക്രിസ്തുവിന്റെ കീഴില് ലോകം അമരുന്നതിനാല് ദൈവകോപവും ആദ്യപകുതിയില് തന്നെ കാണുന്നു. എന്നാല് അത് ഭീകരമാകുന്നത് അവസാനത്തെ മൂന്നര വര്ഷങ്ങള് ആണ്. അപ്പോഴേക്കും അന്തിക്രിസ്തുവിന്റെ ഭരണം ഏറ്റവും പൈശാചികമായി മാറിയിരിക്കും. യഹൂദന്മാര്ക്ക് സമാധാനം വാഗ്ദത്തം ചെയ്തുകൊണ്ട് ആരംഭിച്ച ഭരണം ആദ്യത്തെ മൂന്നരവര്ഷത്തിനുശേഷം സമാധാന ഉടമ്പടി ലംഘനത്തോടെ പൈശാചികരൂപം പ്രാപിക്കും. സാത്താന്യമായ സകല

അധികാരത്തോടും അവന് തുടര്ന്നു നടത്തുന്ന മൂന്നര വര്ഷത്തിന്റെ ഭരണസൂചനയാണ് 13:5-ല് കാണുന്നത്.

6-ാം അദ്ധ്യായം മുതല് അവന്റെ ഭരണം ആരംഭിക്കുന്നു. അവന്റെ തനിനിറം വെളിപ്പെടുന്നത് മഹോപദ്രവകാലത്തിന്റെ അവസാന ഘട്ടത്തിലാണ്. 11-ാം അദ്ധ്യായത്തില് കാണുന്ന രണ്ടു സാക്ഷികളുടെ പ്രവര്ത്തനം മഹോപദ്രവകാലത്തിന്റെ ആരംഭത്തില് തന്നെ ആരംഭിക്കുന്നു. അവരെ കൊല്ലുന്ന സംഭവം മഹോപദ്രവകാല മദ്ധ്യത്തില് ആണ്. മൂന്നര വര്ഷത്തിന്റെ പ്രവര്ത്തനത്തിന്റെ (1260 ദിവസം - 11: 3) അന്ത്യമാണ് 11-ാം അദ്ധ്യായത്തില് കാണുന്നത്. സാക്ഷികളുടെ മരണശേഷം മൂന്നര വര്ഷം അന്തിക്രിസ്തു പ്രവര്ത്തിക്കുന്നു. 42 മാസം അഥവാ മൂന്നര വര്ഷം (13: 5.) ആദ്യത്തെ മൂന്നര വര്ഷങ്ങള് യഹൂദന്മാരുമായി സമാധാനസന്ധിയിലും അവസാനത്തെ മൂന്നര വര്ഷങ്ങള് യഹൂദന്മാരുമായി വൈരത്തിലും ഉള്ള ഭരണമാണ് ഈ ഏഴു വര്ഷങ്ങള്.

## ദാനിയേല് പ്രവചനത്തിലെ 70-ാം ആഴ്ചവട്ടം

വെളിപ്പാടു പുസ്തകം ആറാം അദ്ധ്യായത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഗ്രഹിച്ചിരിക്കേണ്ട കാര്യമാണ് ദാനിയേല് പ്രവചനത്തിലെ 70-ാം ആഴ്ചവട്ടം. അത് മനസ്സിലാക്കിയെങ്കില് മാത്രമേ മുമ്പോട്ടുള്ള അദ്ധ്യായങ്ങളിലെ വിവരങ്ങള് ബോധ്യപ്പെടുകയുള്ളൂ. കൂടാതെ മഹോപദ്രവകാലം 7 വര്ഷം തന്നെയാണെന്ന് തെളിയിക്കാനും പോകയാണ്. ദാനിയേല് പ്രവചനവും വെളിപ്പാടുപുസ്തകവും ചേര്ത്ത് പഠിക്കേണ്ടിയിരിക്കുന്നു. ദാനി. 9: 1-3 വരെയുള്ള വാക്യങ്ങളും 24 മുതല് 27 വരെയുള്ള വാക്യങ്ങളും ശ്രദ്ധിക്കുക.
"ദാനിയേല് എന്ന ഞാന്, യരൂശലേമിന്റെ ശൂന്യാവസ്ഥ 70 സംവത്സരം കൊണ്ട് തീരും എന്നിങ്ങനെ യഹോവയുടെ അരുളപ്പാട് യിരമ്യാപ്രവാചകനുണ്ടായ പ്രകാരം ഒരു കാലസംഖ്യ പുസ്തകങ്ങളില് നിന്ന് ഗ്രഹിച്ചു." ദാനി. 9: 1-3."

" അതിക്രമത്തെ തടസ്സം ചെയ്ത് പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന് പ്രായശ്ചിത്തം ചെയ്ത് നിത്യനീതിവളര്ത്തുവാനും ദര്ശനവും പ്രവനചവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്വാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. അതുകൊണ്ട് നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടത്. എന്തെന്നാല് യരൂശലേമിനെ യഥാസ്ഥാനപ്പെടുത്ത പണിയുവാന് കല്പന പുറപ്പെടുന്നതുമുതല് അഭിഷിക്തനായൊരു പ്രഭുവരെ ഏഴു ആഴ്ചവട്ടം. അറുപത്തിരണ്ടു ആഴ്ചവട്ടം കൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളില് തന്നെ വീണ്ടും പണിയും. അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തന് ഛേദിക്കപ്പെടും. അവന് ആരം ഇല്ലെന്ന് വരും. പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജനം നഗരത്തെയും വിശുദ്ധ മന്ദിരത്തെയും നശിപ്പിക്കും. അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും.

അവസാനത്തോളം യുദ്ധമുണ്ടാകും. ശൂന്യങ്ങളും നിര്ണ്ണയിക്കപ്പെട്ടിരിക്കുന്നു. അവന് ഒരു ആഴ്ചവട്ടത്തേയ്ക്ക് പലരോടും നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവന് ഹനനയാഗവും ഭോജനയാഗവും നിര്ത്തലാക്കിക്കളുയും. മേച്ഛതകളുടെ ചിറകിന്മേല് ശൂന്യമാക്കുന്നവന് വരും. നിര്ണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേല് കോപം ചൊരിയും". ദാനി. 9: 20-27. ഈ വാക്യം ഇതര തര്ജ്ജിമകളില് അല്പം വ്യത്യാസം ഉണ്ട്. വ്യത്യാസമുള്ള ഭാഗം മാത്രം എഴുതുന്നു. യരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാന് കല്പ്പന പുറപ്പെടുന്നതുമുതല് വീഥിയും കിടങ്ങുമായി യരുശലേമിനെ പണിയുന്നതുവരെ ഏഴു ആഴ്ചവട്ടം. അറുപത്തിരണ്ടു ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തന് ഛേദിക്കപ്പെടും. അത് അവനു വേണ്ടിയല്ല.9: 35, 36. അവന് ഒരു ആഴ്ച വട്ടത്തേയ്ക്ക് പലരോടും നിയമത്തെ കഠിനമാക്കും. 9: 27.

നെബുഖദ്നേസര് യെരുശലേമിനെ നശിപ്പിച്ച് അനേകം യഹൂദന്മാരെ അടിമകളാക്കി ബാബിലോനിലേക്കു കൊണ്ടുപോയി. അക്കൂട്ടത്തില് ദാനിയേലും ഉണ്ട്. അവന് പ്രവാസത്തിലായിട്ട് 68 വര്ഷമായി. അവന് യിരമ്യാ പ്രവചനം വായിച്ചപ്പോള് യിസ്രയേലിന്റെ ബാബേല് പ്രവാസം 70 വര്ഷത്തേക്കാണെന്ന് കണ്ടു. യിര. 25: 11; 29: 10. ഇനിയും രണ്ടു വര്ഷം കൂടി മാത്രമേ ബാബേല് പ്രവാസം ഉള്ളൂ എന്ന് അവന് ബോധ്യമായി. ആ സമയം മശിഹായുടെ രാജ്യം സ്ഥാപിക്കുന്നതിന് ഇനിയും രണ്ടു വര്ഷം കൂടിയേ ഉള്ളൂ എന്നൊരു പ്രത്യാശ അവന്റെ മനസ്സില് ഉദിച്ചു. ആ സമയം അവന് പ്രാര്ത്ഥിക്കുന്നതായി ദാനി. 9: 3 മുതല് 19 വരെയുള്ള വാക്യങ്ങളില് കാണാം. അതായത്, പ്രവാസകാലം കഴിഞ്ഞാല് ഉടന് തന്നെ മശിഹാ വന്ന് തന്റെ രാജ്യം സ്ഥാപിക്കേണമെന്നുള്ളതു തന്നെ. അവന്റെ പ്രാര്ത്ഥനാവാചകങ്ങളില് ഈ കാര്യം സ്പഷ്ടമായി പറഞ്ഞിട്ടില്ലെങ്കിലും ഗബ്രിയേല് ദൂതന് നല്കിയ മറുപടി അതിനെക്കുറിച്ചാകയാല് ദാനിയേല് ആ കാര്യം പ്രധാനമായി മനസ്സില് വച്ചുകൊണ്ടു പ്രാര്ത്ഥിക്കുകയായിരുന്നു എന്ന് മനസ്സിലാക്കാം.

പ്രത്യേകമായ 6 കാര്യങ്ങള് (വാക്യം. 24) നിവര്ത്തിക്കുന്നത് 70 ആഴ്ചവട്ടം കൂടെ കഴിഞ്ഞ ശേഷമേയുള്ളൂ എന്നാണ് ദൂതന്റെ സന്ദേശം. ഈ ആറു കാര്യങ്ങളുടെ സാദ്ധ്യതയ്ക്കുവേണ്ടി 70 ആഴ്ചവട്ടം നിമയിച്ചു. ഈ 6 കാര്യങ്ങള് നോക്കിയാല് അത് മശിഹായുടെ രാജ്യസ്ഥാപനത്തിങ്കല് അഥവാ ഭൂമിയിലേക്കുള്ള മഹത്വ പ്രത്യക്ഷതയിങ്കല് നിവര്ത്തിക്കേണ്ടതാണ്. അത് നമുക്ക് വിശദമായി പഠിക്കാം.

## 1. അതിക്രമത്തെ തടസ്സം ചെയ്യുക.

ആരുടെ അതിക്രമത്തെ? യഹൂദന്റെ അതിക്രമത്തെ. അതേ വാക്യത്തില് തന്നെ അതിന് മറുപടി പറഞ്ഞിരിക്കുന്നു. " നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും വേണ്ടി 70 ആഴ്ച വട്ടം നിയമിച്ചിരിക്കുന്നു". വാക്യം. 24. ആകയാല് പ്രവചനം യഹൂദജനത്തെയും യരൂശലേം നഗരത്തെയും കുറിച്ചുള്ളതാണ്. യിസ്രയേല്

ജനത്തിന്റെ അതിക്രമത്തെ തടസ്ഥം ചെയ്ക എന്നര്ത്ഥമാണ്. വിടുവിക്കുന്നവനായ കര്ത്താവിന്റെ മഹത്വപ്രത്യക്ഷതയിങ്കല് അവര്ക്ക് ജാതിപരമായ മാനസാന്തരം ഉണ്ടാകുമ്പോള് അത് നിവര്ത്തിക്കും. റോമ. 11. 26, 27. യഹൂദന്മാര് ജാതിപരമായി അനുതപിച്ച് ഇതുവരെ ദൈവത്തിങ്കലേക്കു തിരിഞ്ഞു വന്നിട്ടില്ല. അവര് വിലപിച്ച് കുത്തീട്ടുള്ളവങ്കലേക്ക് നോക്കി രക്ഷ പ്രാപിക്കുന്നത് യേശുവിന്റെ പരസ്യവരവിങ്കല് ആണ്. ആ വിലാപത്തെക്കുറിച്ച് സെഖ. 12: 9-14 വരെയുള്ള വാക്യങ്ങളില് നാം വായിക്കുന്നു. അന്ന് അവരുടെ അതിക്രമം ക്ഷമിക്കപ്പെടും. വെളി. 1: 7.

## 2 പാപങ്ങളെ മുദ്രയിടുക

പാപങ്ങളെ മുദ്രയിടുക എന്നു പറഞ്ഞാല് പാപങ്ങളുടെ കാരണഭൂതനായ സാത്താനെ ബന്ധിച്ച് മുദ്രയിടുക എന്നാണതിന്റെ അര്ത്ഥം. ഇതും കര്ത്താവിന്റെ പരസ്യവരവിങ്കല് നടക്കും. മഹോപദ്രവകാലത്തിന്റെ അവസാനത്തിങ്കല് കര്ത്താവു തന്റെ വിശുദ്ധന്മാരുമായി ഈ ഭൂമിയിലേക്കു പരസ്യമായി കടന്ന വന്ന് സാത്താനെ പിടിച്ചു കെട്ടി ആയിരം ആണ്ടേക്ക് ചങ്ങലയിട്ടു പൂട്ടും. വെളി. 20: 1-4. അതിന് ശേഷം ആണ് സഹസ്രാബ്ദ വാഴ്ച നടക്കുന്നത്.

## 3 അകൃത്യത്തിന് പ്രായശ്ചിത്തം ചെയ്ക

അകൃത്യത്തിന് പ്രായശ്ചിത്തമായി ക്രൂശില് സ്വയം അര്പ്പിച്ച കര്ത്താവിനെ യിസ്രയേല് അംഗീകരിക്കും. ഇത് യഹൂദജാതിക്ക് ജാതിപരമായി അനുഭവിക്കുന്നത് കര്ത്താവിന്റെ മഹത്വപ്രത്യക്ഷതയില് ആണ്. സെഖ. 13: 1; 12: 10-14; 1. യോഹ. 4: 10. അവര് ജാതിയായി കുത്തിയവങ്കലേക്ക് നോക്കി രക്ഷ പ്രാപിക്കും. അങ്ങനെ യഹൂദജാതി ഒരു ദിവസം കൊണ്ട് വീണ്ടും ജനിക്കുകയും ചെയ്യും. യശ. 66: 8.

## 4 നിത്യനീതി വരുത്തുക

യഹൂദന്റെ അകൃത്യം പരിഹരിക്കപ്പെടുകയും സാത്താന് ബന്ധിക്കപ്പെടുകയും ചെയ്യുന്നതോടുകൂടെ നിത്യനീതി വരും. സഹസ്രാബ്ദവാഴ്ചയിലെ ശ്രേഷ്ഠമായ അനുഭവമാണ് നിത്യനീതി ലോകമെങ്ങും സ്ഥാപിക്കുക എന്നുള്ള വസ്തുത.

ഹബ.2: 14; യശയ്യ. 35: 1-10; യശ. 32: 1. ഒരു നീതുയുടെ യുഗം പിറക്കും. അത് നിത്യമായി നിലനില്ക്കുകയും ചെയ്യും. ഇത് ആയിരം ആണ്ട് വാഴ്ചയില് നടക്കും.

## 5. ദര്ശനവും പ്രവചനവും മുദ്രയിടുക

ക്രിസ്തുവിന്റെ ആയിരം ആണ്ടു വാഴ്ചയില് പ്രവചനമോ ദര്ശനമോ ആവശ്യമില്ലാത്തതിനാല് അത് മുദ്രയിടുന്നു. എന്നാല് സഭായുഗത്തില് ദര്ശനവും പ്രവചനവും മുദ്രയിടുന്നില്ല. ദൈവജനം പൂര്ണ്ണതയിലേക്ക് പ്രവേശിച്ചു കഴിയുമ്പോള് ആണ് ദര്ശനവും പ്രവചനവും മുദ്രയിടുന്നത്. കാര്യങ്ങളുടെ

യഥാര്ത്ഥയിലേക്ക് എത്തിക്കഴിയുന്നതിനാല് പിന്നെ അതിന്റെ ആവശ്യമില്ല. പൂര്ണ്ണമായത് വരുമ്പോഴോ അംശമായത് നീങ്ങിപ്പോകും. 1. കൊരി. 13: 10. ഇതും സഹാസ്രബ്ദ കാലത്താണ് സംഭവിക്കുന്നത്.

## 6. അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്ക

സഹസ്രാബ്ദകാലത്തെ ദൈവാലയം അതിപരിശുദ്ധനായവന്റെ സാന്നിദ്ധ്യത്തില് അഭിഷേകം ചെയ്യും. ഈ ദൈവാലയത്തെക്കുറിച്ച് യെഹസ്കേല് 40 മുതല് 46 വരെയുള്ള അദ്ധ്യായങ്ങളില് കാണുന്നു. സമാഗമനകൂടാരത്തിന്റെ അഭിഷേകം നടന്നു. എന്നാല് ശലോമോന്റെയും സെരൂബാബേലിന്റെയും ദൈവാലയത്തിന് അഭിഷേകം നടന്നില്ല. കാരണം അവ സമാഗമനകൂടാരത്തിന്റെ തുടര്മാനം മാത്രമായിരുന്നു. എന്നാല് സഹസ്രാബ്ദകാലത്തെ ദൈവാലയത്തിന് അഭിഷേകം നടക്കും.

ഈ ആറുകാര്യങ്ങളുടെ കര്ത്താവിന്റെ മഹത്വപ്രത്യക്ഷതയെയും ആയിരം ആണ്ടു വാഴ്ചയേയും സംബന്ധിക്കുന്നതാണ്. ഗബ്രിയേല് ദൂതന് ദാനിയേലിനോട് അറിയിക്കുന്നത്. മശിഹായുടെ രാജ്യം സ്ഥാപിക്കപ്പെടുന്നതിന് ഒരു പ്രത്യേക ഘട്ടം മുതല് 70 ആഴ്ച വട്ടം കൂടെ കഴിയേണ്ടിയിരിക്കുന്നു എന്നാണ്. ഈ 70 ആഴ്ചവട്ടങ്ങള് യിസ്രയേലിന് നല്കിയത് മേല്പ്പറഞ്ഞ ആറു കാര്യങ്ങളുടെ സാദ്ധ്യതയ്ക്കു വേണ്ടിയാണ്. ഈ ആഴ്ച വട്ടങ്ങള് ആരംഭിക്കുന്നത് യരൂശലേമിനെ പുതുക്കിപ്പണിയുവാന് കല്പ്പന പുറപ്പെടുന്നതു മുതലാണ്. ഈ കല്പ്പന മേദ്യ പാര്സ്യാ രാജാവായ അര്ത്ഥശഷ്ഠാ രാജാവാണ് നല്കിയത്. നെഹമ്യ. 2: 1-8. പാര്സ്യാ രാജാവായ കോരേശു പുറപ്പെടുവിച്ച വിളംബരം യരൂശലേം ദൈവാലയം പണിയുവാനുള്ളതായിരുന്നു. എന്നാല് ഈ പ്രവചനത്തില് യരൂശലേം നഗരത്തെ യഥാസ്ഥാനപ്പെടുത്തി പണിവാനുള്ള കല്പ്പനയാണ് പറയപ്പെട്ടിരിക്കുന്നത്. അത് അര്ത്ഥശഷ്ഠാ രാജാവ് നെഹമ്യാവിന് നല്കിയതാണ്. ഈ കല്പ്പന കൊടുത്തത് ബി.സി. 445 മാര്ച്ച് 14-ാം തിയ്യതിയായിരുന്നു. അന്നുമുതല് എഴുപത് ആഴ്ചവട്ടം കഴിയുമ്പോള് മശിഹായുടെ രാജ്യം സ്ഥാപിക്കുമെന്നാണ് പ്രവചനം. എഴുപത് ആഴ്ചവട്ടത്തിന് 490 ദിവസം ആണ് ഉള്ളത്. പ്രാവചനികമായി നാം ചിന്തിക്കുമ്പോള് ഒരു ദിവസത്തിന് ഒരു വര്ഷം എന്നാണ് കണക്ക്. (സംഖ്യ. 14: 34; യെഹെ. 4: 4-7). ആകയാല് അര്ത്ഥശഷ്ഠാ രാജാവില് നിന്നും നെഹമ്യാവിന് കല്പ്പന കിട്ടിയ സമയം മുതല് 490 വര്ഷം കഴിയുമ്പോള് മശിഹാ തന്റെ രാജ്യം സ്ഥാപിക്കും എന്നുള്ളതാണ് ഇവിടുത്തെ പ്രവചനം.

490 എന്നുള്ള സംഖ്യ യിസ്രയേലിനോടുള്ള ദൈവത്തിന്റെ ഇടപാടുകളുടെ കാലങ്ങളെ ചൂണ്ടിക്കാണിക്കുന്നു. യഹൂദ ദൃഷ്ടിയില് 490 എന്നത് ഇടപാടിന്റെ പൂര്ണ്ണതയെ കുറിക്കുന്ന ഒരു കാലയളവാണ്. നെഹമ്യാവിന് കല്പ്പന കിട്ടിയ സന്ദര്ഭം മുതല് യിസ്രയേല്യ ചരിത്രത്തില് പുറകോട്ടു അബ്രഹാം വരെ ഒന്നു നോക്കിയാല് ദൈവത്തിന് അവരോടുള്ള ഇടപാടിന്റെ കാലം 490 വീതം ഉള്ള

ഓരോ പീരിയേഡുകളായി തിരിച്ച് പഠിക്കാന് സാധിക്കും.

നെഹമ്യാവിന് കല്പ്പന കിട്ടിയതു മുതല് പുറകോട്ടു ശലോമോന്റെ ദൈവാലയ പ്രതിഷ്ഠ വരെ ആകെ 560 വര്ഷമാണ്. ഇതിനുള്ളില് യിസ്രയേല് ബാബിലോണില് 70 വര്ഷം പ്രവാസികളായിരുന്നു. അന്ന് ദൈവത്തിന് ജാതിപരമായി യാതൊരു ഇടപാടും യിസ്രയേലിനോടുണ്ടായിരുന്നില്ല. ആ 70 വര്ഷം ഒരു ബ്രാക്കറ്റുകാലം ആണ്. 560 വര്ഷത്തില് നിന്നും 70 വര്ഷം നീക്കിയാല് 490 വര്ഷമാണുള്ളത്. അതായിരുന്നു അവരോടു ജാതിപരമായി ദൈവത്തിന്റെ ഇടപാടിന്റെ കാലം.

ശലോമോന്റെ ദൈവാലയ പ്രതിഷ്ഠ മുതല് മിസ്രയീമില് നിന്നുള്ള യിസ്രയേലിന്റെ പുറപ്പാടുവരെ 601 വര്ഷങ്ങള് ഉണ്ട്. പ്രവൃത്തി 13: 17-22 വരെ വാക്യങ്ങളില് പൗലോസിന്റെ പ്രസ്താവനയില് അത് വ്യക്തമാക്കുന്നു. യിസ്രയേലിന്റെ മരുഭൂമിയാത്ര 40 വര്ഷം പിന്നെ ശമുവേല് വരെ 450 വര്ഷം. ശമുവേലിന്റെ കാലം 21 വര്ഷം. ശൗലിന്റെ കാലം 40 വര്ഷം. ദാവീദിന്റെ കാലം 40 വര്ഷം. ശലോമോന്റെ 10-ാം വര്ഷത്തില് ദൈവാലയ പ്രതിഷ്ഠ. ഇങ്ങനെ ആകെ 601 വര്ഷങ്ങള്. ഇക്കാലയളവിനുള്ളില് ന്യായാധിപന്മാരുടെ ഭരണകാലത്ത് പല പ്രാവശ്യം അവര്ക്ക് വിശ്വാസ ത്യാഗം സംഭവിക്കുകയും ദൈവം അവരെ കൈവിട്ടു അന്യജാതിക്കാരുടെ അടിമകളായി ഏല്പ്പിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

മെസോപ്പോത്തോമ്യരാജാവായ കൂശന്രശാഥയീമിന്റെ അടിമകളായി 8 വര്ഷം. ന്യായ. 3: 8; മോവാബു രാജാവായ എഗ്ളോന് അടിമകളായി 18 വര്ഷം. ന്യായ-3: 14. കനാന്യരാജാവായ യാബിന് അടിയകളായി 20 വര്ഷം. 4:3. മിദ്യാന്യര്ക്കു 7 വര്ഷം. 6: 1; ഫെലിസ്ത്യര്ക്കും അമ്മോന്യര്ക്കും 18 വര്ഷം. 10: 8; ഫെലിസ്ത്യര്ക്ക് 40 വര്ഷം. 13: 1. ഇങ്ങനെ ആകെ 11 വര്ഷം. ഇത്രയും വര്ഷങ്ങള് യഹോവയുടെ ഇടപാടു യിസ്രയേലിനോട് ഇല്ലാതിരുന്ന കാലയളവാണ്. ആകെ 601 വര്ഷങ്ങളില് നിന്ന് 111 നീക്കിയാല് ദൈവത്തിന്റെ ഇടപാടിന്റെ കാലം 490 വര്ഷം എന്നു കിട്ടുന്നു.
യിസ്രായേലിന്റെ മിസ്രയീമില് നിന്നുള്ള പുറപ്പാടു മുതല് അബ്രഹാം വരെ നോക്കിയാല് 505 വര്ഷമാണ്. അതില് അബ്രഹാമിന്റെ ജീവിതകാലത്ത് താന് ഹാഗാറിനെ പരിഗ്രഹിച്ച ശേഷമുള്ള 15 വര്ഷം തനിക്ക് ദൈവത്തിന്റെ പ്രത്യക്ഷത ലഭിക്കാതെയുള്ള കാലമാണ്. ആ 15 വര്ഷം എടുത്തു മാറ്റിയാല് 490 വര്ഷമാണ് ദൈവത്തിന്റെ ഇടപാടിന്റെ കാലം. ഇങ്ങനെ അബ്രഹാം മുതല് മിസ്രായീമിലെ പെസഹാവരെയും പെസഹാ തുടങ്ങി ദൈവാലയ പ്രതിഷ്ഠ വരെയും അവിടം മുതല് നെഹമ്യാവിന് കല്പ്പന കിട്ടിയതു വരെയും ഉള്ള കാലങ്ങളില് യിസ്രായേലിനോടുള്ള ദൈവത്തിന്റെ ഇടപാടിന് കാലങ്ങള് 70 ആഴ്ചവട്ടം വീതം അടങ്ങിയ ഓരോ പീരിയേഡ് എന്ന് വ്യക്തമാക്കുന്നു. 70 ആഴ്ചവട്ടം അടങ്ങിയ ഒരു പീരിയേഡ് കൂടെ കഴിയുമ്പോള് മശിഹാ രാജ്യം സ്ഥാപിക്കും എന്നതാണ് ഗബ്രിയേല് ദാനിയേലിനോട് അറിയിക്കുന്നതിന്റെ ചുരുക്കം.

പത്രോസ് കര്ത്താവിനോടു: കര്ത്താവേ, സഹോദരന് എത്രവട്ടം എന്നോട് പിഴെച്ചാല് ഞാന് ക്ഷമിക്കേണം? ഏഴു വട്ടം മതിയോ? എന്ന് ചോദിച്ചു. ഏഴു വട്ടം ക്ഷമിച്ചാന് തക്കവണ്ണം പത്രോസ് പ്രാപ്തനായിരിക്കുന്നു എന്ന് കര്ത്താവ് അവനെ പുകഴ്ത്തുമെന്നാണ് പത്രോസ് വിചാരിച്ചത്. കര്ത്താവാകട്ടെ, ഏഴു വട്ടമല്ല, ഏഴുഎഴുപതു വട്ടം എന്നു പറയുന്നു. ഇതിന്റെ അര്ത്ഥം 490 വട്ടം എന്നാണല്ലോ. മനുഷ്യര് തങ്ങളുടെ കുറ്റങ്ങളെക്കുറിച്ച് അനുതപിച്ചാല് 490 വട്ടം മാത്രമെ ക്ഷമിക്കാവൂ, പിന്നീട് ക്ഷമിക്കാന് പാടില്ല എന്നല്ലല്ലോ ഇതിന്റെ അര്ത്ഥം. പിന്നെയോ എപ്പോഴും ക്ഷമിക്കണം എന്നതന്നെ. ആ പൂര്ണ്ണ കാലയളവിനെ 490 എന്ന സംഖ്യകൊണ്ട് ഇവിടെ വിവക്ഷിച്ചിരിക്കുന്നു. ആകയാല് 490 എന്നത് ഇടപാടിന്റെ പൂര്ണ്ണതയെ കാണിക്കുന്നു.

ദാനിയേല് പ്രവചനത്തില് പറഞ്ഞിരിക്കുന്ന 70 ആഴ്ചവട്ടത്തെ മൂന്ന് പ്രത്യേക കാലഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. ആദ്യം ഏഴ് ആഴ്ചവട്ടം. അതിനെതുടര്ന്ന് 62 ആഴ്ചവട്ടം. അതുകഴിഞ്ഞ് ഒരു ആഴ്ചവട്ടം. ദാനി. 9: 25, 26. ഇവിടുത്തെ ശരിയായ തര്ജ്ജിമ ‘‘യരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാന് കല്പ്പന പുറപ്പെടുന്നതുമുതല് വീഥിയും കിടങ്ങുമായി യരൂശലേമിനെ പണിയുന്നതു വരെ ഏഴു ആഴ്ചവട്ടം. 62 ആഴ്ച വട്ടം കഴിഞ്ഞിട്ട് അഭിഷിക്തന് ഛേദിക്കപ്പെടും. അത് അവന് വേണ്ടിയല്ല. 9: 25, 26. അവന് ഒരു ആഴ്ചവട്ടത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും’’. ദാനി. 9: 27. ഒരു ദിവസത്തിന് ഒരു വര്ഷം എന്നാണ് പ്രവചനദിവസത്തിന്റെ കണക്ക്. സംഖ്യ. 14: 34; യെഹ. 4: 6. അങ്ങനെയെങ്കില് 490 ആഴ്ചവട്ടത്തിന് 490 വര്ഷം.

ആദ്യത്തെ ഏഴ് ആഴ്ചവട്ടത്തിന് 49 വര്ഷം. ശരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണവാന് അര്ത്ഥശഷ്ടാ രാജാവ് കല്പ്പന പുറപ്പെടുവിച്ചത്. ബിസി. 445 മാര്ച്ച് മാസം 14-ാം തിയതിയാണ്. അന്നുമുതല് 49 വര്ഷം കൊണ്ട് യരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിത് പിന്നീട് 62 ആഴ്ച വട്ടം അഥവാ 434 വര്ഷം കഴിഞ്ഞപ്പോള് അഭിഷിക്തന് അഥവാ കര്ത്താവായ യേശുക്രിസ്തു കാല്വറി ക്രൂശില് മരിച്ചു. ഏഴു ആഴ്ച വട്ടവും 62 ആഴ്ചവട്ടവും കൂടി ചേരുമ്പോള് 483 വര്ഷം കിട്ടുന്നു. ബിസി 445 മാര്ച്ച് മാസം 14-ാം തിയതി മുതല് 483 വര്ഷം കഴിഞ്ഞപ്പോള് കര്ത്താവിന്റെ കാല്വറി ക്രൂശിലെ മരണം നടന്നു. 69 ആഴ്ചവട്ടത്തിനെ തുടര്ന്ന് എഴുപതാം ആഴ്ചവട്ടം യഹൂദന് ലഭിച്ചില്ല. കാരണം അവര് കര്ത്താവിനെ നിഷേധിച്ചതിനാല് കര്ത്താവ് അവരെയും ഒരു അവധിവച്ചു തള്ളിക്കളഞ്ഞു. കര്ത്താവിന്റെ നാമത്തില് വരുന്നവന് അനുഗ്രഹിക്കപ്പെട്ടവന് എന്ന് നിങ്ങള് പറയുവോളം നിങ്ങള് ഇനി എന്നെ കാണുകയില്ല എന്ന് ഞാന് നിങ്ങളോടു പറയുന്നു. മത്താ. 23: 39. യിസ്രയേല് കുത്തിവങ്കലേക്ക് നോക്കുമ്പോള് ഈ പ്രവചനം നിവര്ത്തിക്കും. യിസ്രായേല് യേശുവിനെ തള്ളിക്കളഞ്ഞു. അവര് സ്വന്തത്തിലേക്ക് വന്ന് സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. യോഹ. 1: 11. അതുകൊണ്ട് ജാതിപരമായി

യഹൂദനുമായ ദൈവത്തിന്റെ ഇടപാടു നിര്ത്തി. അങ്ങനെ 69 ആഴ്ച വട്ടം കഴിഞ്ഞു. അഭിഷിക്തനായ കര്ത്താവ് ഛേദിക്കപ്പെടുകയും ചെയ്തു.

നമ്മുടെ കര്ത്താവായ യേശുക്രിസ്തു കഴുതപ്പുറത്ത് കയറി യരൂശലേമിലേക്ക് യാത്ര ചെയ്ത ദിവസം എഡി. 32 ഏപ്രില് മാസം 6-ാം തിയതിയാണ്. എഴുപത് ആഴ്ചവട്ടത്തില് ആദ്യത്തെ 7 ആഴ്ച വട്ടവും അടുത്ത 62 ആഴ്ചവട്ടവും കൂടി ചേര്ത്ത് 69 ആഴ്ചവട്ടം കഴിയുമ്പോള് അതായത് 483 വര്ഷം കഴിയുമ്പോള് അഭിഷിക്തന് (ക്രിസ്തു) ഛേദിക്കപ്പെടും എന്ന് പറഞ്ഞിരിക്കുന്നു. ആകയാല് ക്രിസ്തുവിന്റെ ക്രൂശീകരണത്തിന് മുമ്പായിട്ട് 69 ആഴ്ചവട്ടം അഥവാ 483 വര്ഷം പൂര്ത്തി ആയിരിക്കണം. ബിസി. 445 മാര്ച്ച് 14-ാം തിയതി മുതല് എഡി. 32 ഏപ്രില് 6-ാം തിയതി വരെ ഈ 483 വര്ഷം അഥവാ 69 ആഴ്ചവട്ടം അവസാനിച്ചു. ആ ദിവസം യേശുവിന്റെ കഴുതമേലുള്ള യാത്രയില് ഹോശാന്നാ പാടിയ ദിവസമായിരുന്നു. ഇവിടെ ഒരു കാര്യം ഓര്ക്കണം. പ്രവചന വര്ഷങ്ങള്ക്ക് 360 ദിവസമാണ് കണക്ക്. നെഹമ്യാവിന് കല്പ്പന കിട്ടിയ നാള് മുതല് ക്രിസ്തുവിന്റെ കഴുതമേല് ഉള്ള യാത്ര വരെ ആണ്ടൊന്നക്ക് 360 ദിവസം വീതം 483 വര്ഷം തികഞ്ഞിരിക്കുന്നു.

യേശു കഴുതമേല് കയറി യരൂശലേമിലേക്ക് അവരുടെ അടുക്കല് ചെന്നപ്പോള് യഹൂദന്മാര് അവനെ സ്വീകരിച്ചു രക്ഷപ്പെടേണ്ടതിന് പകരം അവനെ തള്ളിക്കളഞ്ഞു. യോഹ. 12: 15; സെഖ. 9: 9; യോഹ. 1: 1. /യഹൂദജാതി തങ്ങളുടെ മശിഹായെ ത്യജിച്ചു. ആകയാല് ദൈവവും അന്നേദിവസം അവരെ ത്യജിച്ചു കളഞ്ഞു. അവന് സ്വന്തജനമായ യഹൂദനെ ത്യജിച്ചിട്ട് പുറജാതിയിലേക്ക് തിരിക്കുന്നു. 69 ആഴ്ചവട്ടം അന്ന് അവസാനിച്ചു. യഹുദനോട് ജാതിപരമായ ഇടപാട് അവിടെ നിര്ത്തി. ഗബ്രിയേലിന്റെ സന്ദേശപ്രകാരം ഇനി ഒരു ആഴ്ചവട്ടമാണുള്ളത്. ആ എഴുപതാം ആഴ്ചവട്ടത്തിനും 69-ാം ആഴ്ചവട്ടത്തിനും ഇടയ്ക്ക് ഒരു ബ്രാക്കറ്റു കാലം വന്നിരിക്കുന്നു. അഥവാ 483-ാം വര്ഷത്തിനും 484-ാം വര്ഷത്തിനും ഇടയ്ക്ക് ഒരു കാഘട്ടം വന്നിരിക്കുന്നു. അത് ഈ സഭായുഗം ആണ്. ഈ സഭായുഗത്തിലത്രെ നാം ജീവിക്കുന്നത്. ഇപ്പോള് യഹൂദനോട് ദൈവത്തിന് ജാതിപരമായി യാതൊരു ഇടപാടും ഇല്ല. ഇപ്പോള് യഹൂദന് വിശ്വാസത്യാഗത്തിന്റെ കാലയളവാണ്. അവര്ക്ക് അന്ധത പിടിപ്പെട്ടിരിക്കുകയാണ്. റോമ. 11: 25.

അളവറ്റ കൃപയാല് നമുക്കായി ഒരു പ്രത്യേക കാലയളവിനെ ദൈവം വേര്തിരിച്ചു തന്നിരിക്കുന്നു. പഴയനിയമപിതാക്കന്മാര്ക്കും പ്രവാചകന്മാര്ക്കും ഇതിനെക്കുറിച്ച് അറിവില്ലായിരുന്നു. ഇത് ദൈവത്തിന്റെ ഹൃദയത്തില് അനാദികാലം മുതല്ക്കേ മറഞ്ഞുകിടന്ന ഒരു മര്മ്മം ആണ്. എഫേ. 3: 2-6; റോമ. 11: 33. ദൈവത്തിന്റെ സ്നേഹിതനായ അബ്രാഹാമിനോ, പര്വ്വതത്തില് ദൈവത്തോടു കൂടെ 40 ദിവസം വസിച്ച മോശെക്കോ, 70 ആഴ്ചവട്ടത്തെക്കുറിച്ച്

ദാനിയേലിനോട് സംസാരിച്ച ഗബ്രിയേല് ദൂതനോ, പ്രിയപുരുഷനായ ദാനിയേലിനോ, ദാവീദിനോ, പ്രവാചകന്മാര്ക്കോ, ദൂതന്മാര്ക്കോ യാതൊരുത്തര്ക്കും സഭയാം മര്മ്മം വെളിപ്പെട്ടിരുന്നില്ല. ഈ രഹസ്യം നമുക്ക് വെളിപ്പെടുത്തിതന്നു. കൃപയാല് നമുക്ക് സഭയാം ദൈവാലയത്തില് ആയിരിപ്പാന് ഇടയായതിനാല് ദൈവത്തെ സ്തുതിക്കാം.

ഇനിയും ദൈവത്തിന്റെ പ്രോഗാമില് യഹൂദനുവേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഒരു ആഴ്ചവട്ടം അഥവാ ഏഴു വര്ഷം നിറവേറേണ്ടിയിരിക്കുന്നു. അതാണ് മഹോപദ്രവകാലം. അത് ആരംഭിക്കുന്നതിനു മുമ്പ് സഭ സ്വര്ഗ്ഗത്തിലേക്ക് എടുക്കപ്പെടും. അങ്ങനെ മഹോപദ്രവകാലം 7 വര്ഷമാണെന്നുള്ളത് വ്യക്തമായ തെളിവ് നമുക്ക് ലഭിച്ചു കഴിഞ്ഞു. അന്തിക്രിസ്തു യഹൂദനോട് ഉടമ്പടി ചെയ്യുകയും അവര്ക്ക് വേണ്ട എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുകയും ചെയ്യും. എന്നാല് ആഴ്ച വട്ടത്തിന്റെ മദ്ധ്യേ അവന് ഉടമ്പടി ലംഘിക്കുയും ചെയ്യും. ദാനി. 9: 27. വെളിപ്പാട് 6-ാം അദ്ധ്യായം മുതല് 19-ാം മഹോപദ്രവകാലസംഭവങ്ങളും അന്തിക്രിസ്തുവിന്റെ ഭരണവും വിവരിച്ചിരിക്കുന്നു. അതിനെക്കുറിച്ച് നമ്മള് ഇനിയും വിശദമായി പഠിക്കാന് പോകയാണ്. മഹോപദ്രവകാലമാകുന്ന ഒരു ആഴ്ചവട്ടം അഥവാ ഏഴു വര്ഷം കഴിയുമ്പോള് ദാനിയേലില് പറഞ്ഞിരിക്കുന്ന എഴുപത് ആഴ്ചവട്ടം (490 വര്ഷം) പൂര്ത്തിയാകും. അതിനുശേഷം യേശുവിന്റെ പരസ്യവരവില് ദാനി. 9: 24-ല് പറഞ്ഞിരിക്കുന്ന 6 കാര്യങ്ങള് കൂടി നിറവേറും. അതുകഴിഞ്ഞ് മശിഹാ തന്റെ രാജ്യം സ്ഥാപിക്കും. അതാണ് ആയിരം ആണ്ടു വാഴ്ച അല്ലെങ്കില് സഹസ്രാബ്ദയുഗം. ഒരു രാജാവ് നീതിയോടു വാഴും. പ്രഭുക്കന്മാര് ന്യായത്തോടെ അധികാരം നടത്തും. യശ. 32: 1.